തിയിൽ നിന്നും മറ്റെന്തെങ്കിലും 'മാർഗ്ഗരേഖ' പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ടോ എന്ന കാര്യവും അന്വേഷിക്കേണ്ടിയിരിക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശരാശരി 3827 കന്നുകാലികളെ പ്രതിദിനം കശാപ്പു ചെയ്യുന്നുണ്ട് എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ഇ) അറവുശാലകൾ സ്ഥാപിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതു നടത്താറുണ്ട്.

(എഫ്) സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്, നഗരസഭകൾ എന്നിവയിൽ നിയമിക്കപ്പെട്ടിട്ടുള്ള എല്ലാ വെറ്റിറിനറി ഡോക്ടർമാർക്കും ഇതിനുള്ള യോഗ്യതയുണ്ട്.

(ജി) ഉരുക്കൾക്ക് വേദന ഇല്ലാതെയും ശുചിയായും കശാപ്പു നടത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ആധുനിക അറവുശാലകൾ സ്ഥാപിക്കാനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക ഉപദേശവും മറ്റും മൃഗസംരക്ഷണ വകുപ്പ്, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യാ, കാർഷിക സർവ്വകലാശാല എന്നിവ മുഖേന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയിൽ വേദന കൂടാതെ മൃഗങ്ങളെ കശാപ്പുചെയ്യുവാനുള്ള സംവിധാനം ഇപ്പോൾതന്നെ ഉണ്ട്.

കാലികൾ നഷ്ടപ്പെട്ട കർഷകർക്ക് സഹായം

120(861)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളമ്പുരോഗം ബാധിച്ച് കാലികൾ നഷ്ടപ്പെട്ട കർഷകർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;

(ബി) കറവമാടുകളേയും കാലികളേയും സർക്കാർ ചെലവിൽ ഇൻഷർ ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ആലപ്പുഴ ജില്ലയിൽ കറവമാടുകളും കാലികളും കുളമ്പുരോഗത്തിൽ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(ഡി) ഇനി ആർക്കെങ്കിലും നഷ്ടപരിഹാരം നൽകാൻ ശേഷിക്കുന്നുണ്ടോ;

(ഇ) ആശ്രമം വാർഡിൽ ആവുംവെളിയിൽ വി.എൻ. സോമൻ എന്ന കർഷകന് നഷ്ടപരിഹാരമെന്തെങ്കിലും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. എന്നാൽ കറവ പശുക്കളെയും അവയുടെ ഉടമകളെയും സൗജന്യനിരക്കിൽ മുന്ന് വർഷക്കാലത്തേയ്ക്ക് ഇൻഷ്യർ ചെയ്യുന്ന കാമധേനു ഇൻഷ്വറൻസ് എന്ന പദ്ധതി തദ്ദേശഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നഷ്ടപരിഹാരം നൽകിയിട്ടില്ല. 1998 നവംബർ, ഡിസംബർ, 1999 ജനുവരി എന്നീ മാസങ്ങളിൽ വ്യാപകമായ കുളമ്പുരോഗം നിമിത്തം മരണമടഞ്ഞ കന്നുകാലികൾക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) 1999 ജനുവരി മാസത്തിനുശേഷം കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് ധനസഹായം നൽകാനുണ്ട്.

(ഇ) ശ്രീ. സോമന് ധനസഹായം നൽകിയിട്ടില്ല. 1999 ജനുവരി മാസം വരെ ലഭിച്ച അപേക്ഷകളിലാണ് ധനസഹായം നൽകിയിട്ടുള്ളത്. ശ്രീ.സോമന്റെ അപേക്ഷ 99 മേയ് മാസത്തിലേ ലഭിച്ചിട്ടുള്ളൂ.

മഞ്ചേശ്വരം മണ്ഡലത്തിലെ മൃഗാശുപത്രികളും സബ്സെന്ററുകളും

121(862)ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മഞ്ചേശ്വരം മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ മൃഗാശുപത്രികളും സബ്സെന്ററുകളും ഇക്കൊല്ലം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും അത് എവിടെയൊക്കെ ആണെന്നും വ്യക്തമാക്കുമോ?

ഉത്തരം

മഞ്ചേശ്വരം മണ്ഡലലത്തിൽ പുതിയ മൃഗാശുപത്രികളോ ഐ.സി.ഡി.പി. സെന്ററുകളോ ആരംഭിക്കുവാൻ തൽക്കാലം നിർദ്ദേശമൊന്നുമില്ല.

പിൽഗ്രിം ടൂറിസം

122(863)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ ടൂറിസം പദ്ധതികൾ എന്തെല്ലാം;

(ബി) വിശദാംശം വ്യക്തമാക്കുമോ;

(സി) 'പിൽഗ്രിം' ടൂറിസം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ എവിടെയെല്ലാം; എന്തു തുക ഇതിനായി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) ക്ഷേത്രനഗരമായ ഹരിപ്പാട് പ്രദേശത്തിന്റെ വികസനത്തിനും തീർത്ഥാടകരെയും വിനോദ സഞ്ചാരികളെയും ആകർഷിക്കുന്നതിനുമായി ഹരിപ്പാട് പ്രദേശത്തെക്കൂടി 'പിൽഗ്രിം' ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ വിനോദസഞ്ചാര വികസനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ ടൂറിസം വകുപ്പ് മുഖേന നേരിട്ടും സർക്കാർ ഏജൻസികളായ കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ബേക്കർ റിസോർട്ട്സ്

LIBRARY ARCHIVES Kerala Legislative Assembly